# കേരള സർവകലാശാല

നം. പി.ആർ.136/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ബി.എ മ്യൂസിക് ഒന്നാം വർഷ ബിരുദ പ്രവേശനം 2018

ഒന്നാം വർഷ ബി.എ. മ്യൂസിക്കിന് പ്രവേശനം ആഗ്രഹിക്കുന്നവർ അഭിരുചി പരീക്ഷകൾക്കായി തിരുവനന്തപുരം നീറമൺകര എൻ.എസ്.എസ്. കോളേജിൽ **ജൂൺ 20** നും, കൊല്ലം എസ്. എൻ. വനിതാകോളേജിൽ **ജൂൺ 21** നും തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജിൽ **ജൂൺ 22** നും ഹാജരാകണമെന്നറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീപിക്കേണ്ടതാണ്.

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018

**കോളേജ് പ്രവേശന സമയത്ത് അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം**

കേരള സർവകലാശാല 2018-19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഒന്നും, രണ്ടും, മൂന്നും ഘട്ട അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിക്കുന്നവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം കോളേജുകളിൽ പ്രവേശനത്തിനായി ഹാജരാകുമ്പോൾ അസ്സൽ സർട്ടിഫിക്കറ്റുകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കഴിയാതെ വന്നാൽ പ്രവേശനം നഷ്ടപ്പെടും. നോൺ-ക്രീമിലെയർ, ജാതി, കോഴ്സ് കാൻസലേഷൻ, മാർക്ക് ലിസ്റ്റ്, ടി.സി പ്രവേശനവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ സർട്ടിഫിക്കറ്റുകളും കോളേജുകളിൽ പ്രവേശനം തുടങ്ങുന്നതിന് മുൻപായി വിദ്യാർത്ഥികൾ തയ്യാറാക്കിവയ്ക്കണം.

അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിക്കുന്നതല്ല.

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ബാച്ചിലർ ഓഫ് മാനേജ്മെന്റ് – മാസ്റ്റർ ഓഫ് അപ്ലൈഡ് മാനേജ്മെന്റ് ഫലം

**2017 സെപ്റ്റമ്പറിൽ നടന്ന രണ്ടും, നാലും സെമസ്റ്റർ ബാച്ചിലർ ഓഫ് മാനേജ്മെന്റ് – മാസ്റ്റർ ഓഫ് അപ്ലൈഡ് മാനേജ്മെന്റ് (BM-MAM) (ഇന്റഗ്രേറ്റഡ് എം.ബി.എ) (2015 സ്കീം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.**

# <u>എട്ടാം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ) പരീക്ഷ</u>

**എട്ടാം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ)(ന്യൂ സ്കീം, ഓൾഡ് സ്കീം-സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 28 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.**

തിരുവനന്തപുരം.
18.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**